## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ഇന്ദിരാ ആവാസ് യോജന പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1302 — 02-05-2017-ൽ മറുപടിക്ക്

ചോദ്യം — മറുപടി

| ശ്രീ. ആർ. രാജേഷ് | | ഡോ. കെ.ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് 2014-15, 2015-16 വർഷങ്ങളിൽ മുഴുവൻ തുകയും നല്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ജനറൽ വിഭാഗത്തിനും എസ്.സി/എസ്.ടി വിഭാഗത്തിനും മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ഇന്ദിര ആവാസ് യോജന പദ്ധതിയിൽ 2014-15, 2015-16 വർഷങ്ങളിലെ ഗുണഭോക്താക്കൾക്ക് അധിക ധനസഹായമായി ഇനി നൽകാനുള്ള 142 കോടി രൂപയിൽ 73.33 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 2015-16 വർഷം പട്ടികജാതി വിഭാഗങ്ങൾക്കുള്ള അധിക ധനസഹായത്തിനായി യഥാക്രമം 107.6 കോടിയും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള അധിക ധനസഹായത്തിനായി 8.25 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. ടി തുക ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ